**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 290** **09.06.2014-ൽ മറുപടിയ്ക്ക്**

## സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.എ.മാധവൻ**<br>**ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.ലൂഡി ലൂയിസ്** | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) സ്പോർട്സ് വകുപ്പിന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. കേരളത്തിലെ എല്ലാ സ്കൂളുകളിലും 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിയ്ക്കുന്ന കുട്ടികളുടെ കായികക്ഷമത പ്രത്യേക ടെസ്റ്റുകളിലൂടെ വ്യക്തമായി അളന്ന്, പരിശോധനാഫലം ശാസ്ത്രീയമായി അപഗ്രഥിച്ച് കുട്ടികളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും, അതുവഴി ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനും ലക്ഷ്യമിട്ട് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടുകൂടി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. അനുയോജ്യമായ കായിക പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ഹൃദയ - ശ്വസനക്ഷമതാ പരിപാടികളിൽ, പങ്കെടുക്കുന്ന 9 നും 17 നും ഇടയ്ക്കു പ്രായമുള്ള കുട്ടികളുടെയും കൗമാരക്കാരുടെയും അനുപാതം 90%-ൽ അധികമാക്കുക. |

2. 9 നും 17 നും ഇടയ്ക്കു പ്രായമുള്ള 60% കുട്ടികളേയും കൗമാരക്കാരേയും ദിവസേന യുള്ള കായിക പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക.

3. കുട്ടികളുടേയും കൗമാരക്കാരുടേയും കായികക്ഷമത ശാസ്ത്രീയമായും വ്യവസ്ഥാപിതമായും വിലയിരുത്തുന്നതിനുള്ള പഠന ക്രമം സ്ഥാപിക്കുക.

4. ഔദ്യോഗികമായി കായികക്ഷമത ആവശ്യമുള്ള അവസരങ്ങളിൽ അത് നേടുന്നതിന് പ്രചോദനം നൽകുക.

6. നിശ്ചിത നിലവാരത്തിന് താഴെയുള്ളവരുടെ പ്രകടനം മെച്ചപ്പെടുത്തുക

7. ടീച്ചേഴ്സ് ഗൈഡും, ദൃശ്യ സഹായി വികസിപ്പിച്ചെടുക്കുക.

8. സ്കൂളുകളിലും, കോളേജുകളിലും കായികക്ഷമതാ ക്ലബ്ബുകൾ സ്ഥാപിയ്ക്കാനാവശ്യമായ പ്രായോഗിക നിർദ്ദേശങ്ങൾ വികസിപ്പിയ്ക്കുക.

9. സ്കൂളുകളിലും വീട്ടിലും സമൂഹത്തിലും കുട്ടികളുടെയും, യുവാക്കളുടെയും, കായിക പ്രവർത്തനസ്വഭാവം കണ്ടെത്തുക.

10. സ്കൂളുകളിലും, കലാലയങ്ങളിലുമുള്ള വിദ്യാർത്ഥികളുടെ, ആരോഗ്യം അപകടപ്പെടുത്തും വിധമുള്ള പെരുമാറ്റ രീതികളെ അഥവാ ശീലങ്ങളെ മുൻഗണനാക്രമത്തിൽ കണ്ടറിഞ്ഞു നിയന്ത്രിക്കുക.

(സി) കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) കളിസ്ഥലങ്ങളുടെ നിർമ്മാണവും, വികസനവും, ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കി വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) വിദ്യാഭ്യാസവകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമ്പൂർണ്ണ കായികക്ഷമത പദ്ധതി 2008-09 മുതൽ ആറ് വർഷമായി തുടർന്നുവരുന്നു. സമ്പൂർണ്ണ കായിക ക്ഷമത പദ്ധതിപരിശോധനാ പരിപാടിയിൽ മികച്ച വിജയം കാഴ്ചവച്ച കേരളത്തിലെ 14 ജില്ലകളിലേയും ഓരോ സ്കൂളുകൾക്കും ആൺകുട്ടികളുടെ വിഭാഗത്തിനും, പെൺകുട്ടികളുടെ വിഭാഗതതിനും 10,000/- രൂപ വീതം ക്യാഷ് അവാർഡും, 100% വിജയം കൈവരിച്ച ജില്ലകളിലെ കോ-ഓർഡിനേറ്റർമാർക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡും നൽകി വരുന്നു. കൂടാതെ, ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടക്കുന്ന രണ്ടാംഘട്ട പരിശോധനാ പരിപാടിയിൽ 'എ' ഗ്രേഡ് കരസ്ഥമാക്കുന്ന എല്ലാ കുട്ടികൾക്കും 500/- രൂപ വീതം ക്യാഷ് അവാർഡും നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ